കേരളത്തിലെ അധഃസ്ഥിതർ നേരിടുന്ന പ്രശ്നങ്ങളും സമീപനവും

അധഃസ്ഥിത നവോത്ഥാന മുന്നണി
ദേശീയ സംഘാടക കമ്മിററി
പ്രസിദ്ധീകരിക്കുന്നത്

അധഃസ്ഥിത നവോത്ഥാനമുന്നണി ബുള്ളററിന്റെ ആദ്യലക്കത്തിൽ (1989 ഫെബ്രുവരി) പ്രസിദ്ധീകരിച്ചിരുന്ന 'കേരളത്തിലെ അധഃസ്ഥിതർ നേരിടുന്ന പ്രശ്നങ്ങളും സമീപനവും' എന്ന ലേഖനമാണ് ഈ ലഘുലേഖ. ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ അതിന്റെ സവിശേഷത കണക്കിലെടുത്ത് ഈ ലേഖനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ ഒന്നരവർഷത്തിലേറെയായി മുന്നണിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുനടത്തിയ അന്വേഷണങ്ങളുടെയും പഠനങ്ങളുടെയുമെല്ലാം വെളിച്ചത്തിൽ, ഇതിനെ സംപുഷ്ടമാക്കേണ്ടതുണ്ടെന്ന് ഞങ്ങൾ കരുതുന്നു. ചില തിരുത്തലുകളും ആവശ്യമുണ്ട്. എങ്കിൽക്കൂടി ഇന്ന് സംഘടനയുമായി ബന്ധപ്പെടുന്നവരും, അതിനോട് ആഭിമുഖ്യം പുലർത്തുവാൻ തയ്യാറാകുന്നവരുമടക്കം നല്ലൊരുവിഭാഗം ഈ രേഖ കണ്ടിട്ടുണ്ടാവാൻ ഇടയില്ലാത്തതു കൊണ്ടാണ് ഇപ്പോൾ ഞങ്ങളിത് പ്രസിദ്ധീകരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ഏതഭിപ്രായങ്ങളും തുറന്ന ചർച്ചയ്ക്ക് വിധേയമാക്കാവുന്നതാണ്.

കേരളത്തിലെ അധഃസ്ഥിതർ നേരിടുന്ന പ്രശ്നങ്ങളും സമീപനവും

കേരളീയ സമൂഹത്തിലെ പന്ത്രണ്ടുശതമാനത്തോളം വരുന്ന ഒരു ജനവിഭാഗമാണ് അധഃസ്ഥിതരും ആദിവാസികളും. ജാതീയമായ വേർതിരിവുകളും, ഉച്ചനീചത്വങ്ങളും അസമത്വങ്ങളും, സ്പർദ്ധയും, ജാതിമനോഭാവവും ഇന്നും പ്രബലമായിതന്നെ നിലനിൽക്കുന്ന നമ്മുടെ സമൂഹത്തിൽ രൂക്ഷമായ അടിച്ചമർത്തലുകൾക്ക് വിധേയമാണ് ഈ ജനവിഭാഗങ്ങൾ. സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക മർദ്ദനങ്ങളോടൊപ്പം ജാതിവ്യവസ്ഥയുടെ ഏററവും അടിത്തട്ടിൽ നിലയുറപ്പിക്കേണ്ടിവന്ന ഈ ജനവിഭാഗം മദ്ധ്യമജാതികൾ തൊട്ട് മുകളിലോട്ടുള്ള മുഴവൻ സവർണ്ണജാതികളുടെയും അവഹേളനങ്ങൾക്കും നിന്ദയ്ക്കും അടിച്ചമർത്തലുകൾക്കും വിധേയമാക്കപ്പെട്ടിരിക്കുന്നു. ഇത് അധഃസ്ഥിത ജനവിഭാഗങ്ങൾമാത്രം നേരിടുന്ന സവിശേഷമായ മർദ്ദനമാണ്. നമ്മുടെ സമൂഹത്തിലെ മററതൊരു ജനവിഭാഗത്തിനും മർദ്ദിതവർഗ്ഗങ്ങൾക്കും ഈ സവിശേഷമർദ്ദനം നേരിടേണ്ടിവരുന്നില്ല. ജാതിവ്യവസ്ഥയുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട ഈ മർദ്ദനം അതു നിലനില്ക്കുന്നിടത്തോളം കാലം തുടരുകയും ചെയ്യും.

ഇത്തരം ജാതീയ മർദ്ദനങ്ങൾക്കെതിരെ അടിച്ചമർത്തപ്പെട്ട ജാതികൾ, അധഃസ്ഥിത ജനവിഭാഗങ്ങൾ, നൂററാണ്ടുകളായി നടത്തിപ്പോരുന്ന പോരാട്ടങ്ങളുടെ ചരിത്രത്തിൽനിന്ന് നമ്മുടേതുപോലുള്ള സമൂഹങ്ങളുടെ ചരിത്രത്തെ വേർതിരിച്ചുനിർത്താനാവുകയില്ല. ഇവിടെ ഏതൊരു സമൂഹത്തെയും മുന്നോട്ടുനയിക്കുന്ന അതിന്റെ ചാലകശക്തിയായ വർഗ്ഗസമരം തന്നെ ജാതിമേധാവിത്വത്തിനെതിരായ സമരവുമായി അവിഭാജ്യമാംവിധം കണ്ണിചേർക്കപ്പെട്ടിരിക്കുന്നു. അഥവാ ജാതിമേധാവിത്വത്തിനെതിരായ സമരത്തെയും വർഗ്ഗസമരത്തെയും പരസ്പരം പ്രതിസ്ഥാപിക്കുവാൻ കഴിയില്ല. കേരളീയ സമൂഹമുൾപ്പെടെ ഇന്ത്യയിലെ ഏതൊരു വികസിച്ച ദേശീയ സമൂഹത്തിന്റെയും പിന്നിൽ ഇത്തരമൊരു പോരാട്ടത്തിന്റെ ചരിത്രം നമുക്കു കണ്ടെത്തുവാൻ കഴിയും. എന്നാൽ ഒരിക്കൽ സമൂഹത്തിന്റെമേൽ പൂർണ്ണമായ ആധിപത്യം പുലർത്തിയിരുന്ന ബ്രാഹ്മണമേധാവിത്വത്തിനെതിരെ അടിച്ചമർത്തപ്പെട്ട കീഴ്ജാതികൾ നിരന്തരമായി തുടർന്നുപോരുന്ന പോരാട്ടങ്ങളുടെ ഫലമായി ഇന്ന് നമ്മുടെ സമൂഹത്തിൽ ഈഴവർതൊട്ട് മുകളിലേക്കുള്ള ജാതിശ്രേണിയിലെ മുഴവൻ ജാതികളുംതന്നെ ആധിപത്യം പുലർത്തുന്ന ശക്തികളായി മാറിയിട്ടുണ്ട്. എന്നാൽ പുലയർ–പറയർ തുടങ്ങിയ അധഃസ്ഥിത ജാതികളുടെ സ്ഥിതി അതല്ല. അവർക്ക് ഏതെങ്കിലും തരത്തിൽ ആധിപത്യം പുലർത്തുന്ന ശക്തികളായി മാറുവാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, തങ്ങളുടെ പരമ്പരാഗതമായ നിത്യജീവിതമാർഗ്ഗങ്ങളിൽനിന്നുപോലും പറിച്ചെറിയപ്പെട്ട്, തികച്ചും അന്യവൽക്കരിക്കപ്പെട്ട ഒരു ജനവിഭാഗമായി മാററപ്പെട്ടിരിക്കുന്നു.

കേരളത്തിന്റെ സമീപകാല ചരിത്രവുമായി ബന്ധപ്പെട്ട് നമുക്കിതു പരിശോധിക്കാവുന്നതാണ്. കാർഷിക കേരളത്തിലെ യഥാർത്ഥ ഉല്പാദകരായിരുന്ന പുലയരെപ്പോലുള്ള അധ:സ്ഥിതജനവിഭാഗങ്ങളുടെ, മുമ്പ് നിലവിലുണ്ടായിരുന്ന സാമൂഹ്യസ്ഥാനവും ഇന്നവർ എത്തപ്പെട്ടിരിക്കുന്ന അവസ്ഥയും, പരിശോധനക്ക് വിധേയമാക്കുമ്പോൾ മാത്രമെ ജാതിവ്യവസ്ഥയുടെ ചലനനിയമം എങ്ങനെയാണ് നമ്മുടെ സമൂഹത്തിൽ ഇന്നും ആഴത്തിൽ പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കുവാൻ കഴിയൂ. അധ:സ്ഥിതരെ സംബന്ധിച്ചിടത്തോളം പാടത്തു് പൊന്ന് വിളയിക്കുമ്പോഴും അവർക്ക് ഭൂമിയിൽ യാതൊരവകാശവും ചരിത്രപരമായിതന്നെഉണ്ടായിരുന്നില്ല. പണിയെടുക്കുന്ന ഭൂമിയിൽനിന്നും, ഉല്പാദനോപകരണങ്ങളിൽനിന്നും, ഉല്പന്നങ്ങളിൽനിന്നും, എല്ലാത്തരത്തിലുമുള്ള അവകാശങ്ങളും കവർന്നെടുക്കപ്പെട്ട ഒരു ജനവിഭാഗമായിരുന്നു. ഒരുതരം അടിമകളായിട്ടാണ് എന്നും അവർ പരിഗണിക്കപ്പെട്ടിരുന്നതു്. തൊട്ടുകൂടാത്തവരും, തീണ്ടിക്കൂടാത്തവരുമെന്നനിലയിൽ സാമൂഹ്യമായി നിശ്ചയിക്കപ്പെട്ടിരുന്ന അവരുടെ സ്ഥാനം മൃഗങ്ങളുടേതിനേക്കാൾ ഭീകരമായൊരു ജീവിതസാഹചര്യമാണ് നൽകിയിരുന്നതു്. ഭൂമിയെയും മറ്റു ജംഗമസ്ഥാവര വസ്തുക്കളെയും കൈമാറ്റം ചെയ്യുന്നതുപോലെ വാങ്ങുകയും വില്ക്കുകയും ചെയ്യാവുന്ന, സംസാരിക്കുകയും പണിയെടുക്കുകയും ചെയ്യുന്ന ഒരു തരം മൃഗങ്ങളായിരുന്നു അധ:സ്ഥിതർ. അവർക്കുവേണ്ടി ആവിഷ്കരിക്കപ്പെട്ടിരുന്ന നിയമങ്ങളും നീതികളുമെല്ലാം ഒരു പക്ഷേ ചരിത്രത്തിലിന്നുവരെ മറ്റൊരു ജനതയ്ക്കും നേരിടേണ്ടിവന്നിട്ടില്ലാത്ത കൊടും ക്രൂരതകൾ നിറഞ്ഞവയായിരുന്നു. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെമ്പാടും അധ:സ്ഥിത ജനവിഭാഗങ്ങളുടെ സ്ഥിതി പൊതുവേ ഇതിൽനിന്നും ഭിന്നമല്ലായിരുന്നു.

എന്നാൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലും, ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും കേരളീയ സമൂഹത്തിലുണ്ടായ മൗലികമായ മാറ്റങ്ങൾ ജാതിഘടനക്കേറ്റ ശക്തമായ ആഘാതങ്ങളായിരുന്നു. രാഷ്ട്രീയാവകാശങ്ങൾക്കുവേണ്ടി മലയാളി മെമ്മോറിയൽ നടത്തിയ നീക്കങ്ങളും, സവർണ്ണമേധാവിത്വത്തിനെതിരെ ശ്രീനാരായണന്റെയും, അയ്യൻകാളിയുടെയും മറ്റും നേതൃത്വത്തിൽ നടന്ന പോരാട്ടങ്ങളും, ജാതിവ്യവസ്ഥയുടെ അടിത്തറതന്നെ പിടിച്ചുകുലുക്കുകയുണ്ടായി. "ഈഴവരുടെ അവശതകൾ പോകണമെങ്കിൽ അവർക്ക് മറ്റാരോടുമൊപ്പം രാഷ്ട്രീയാധികാരങ്ങളുണ്ടാകണം" എന്ന് തുറന്ന് പ്രഖ്യാപിച്ചുകൊണ്ട് ഈഴവജനവിഭാഗം നടത്തിയ സംഘടിതമായ മുന്നേറ്റങ്ങൾ എടുത്തുപറയേണ്ടതുണ്ട്. പൊതുവഴിയെ നടക്കാനും, ക്ഷേത്രത്തിൽ പ്രവേശിക്കാനും, വിദ്യാഭ്യാസത്തിനും മറ്റുംവേണ്ടിയുള്ള വിജയകരമായ പോരാട്ടങ്ങൾ നടന്നതു് ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലാണ്. അയ്യൻകാളിയെപ്പോലെയുള്ള ഉന്നതരായ അധ:സ്ഥിതനേതാക്കളാണ് ഇത്തരം ഉദ്യമങ്ങൾക്ക് നേതൃത്വം കൊടുത്തതു്. ജന്മിനാടുവാഴിത്ത വിരുദ്ധവും ജാതിമേധാവിത്വ വിരുദ്ധവുമായ ഇത്തരം പോരാട്ടങ്ങൾ ഒരു സമൂഹമെന്ന നിലയിൽ, ഒരു ജനതയെന്ന നിലയിൽ, കേരളത്തിലെ ജനങ്ങളെ ഇഴചേർക്കുന്നതിന് സഹായകരമായിത്തീർന്നു. അധ:സ്ഥിത ജാതികളുമായി ബന്ധപ്പെട്ടുനടന്ന സാമ്പത്തിക–രാഷ്ട്രീയ–സാംസ്കാരിക പോരാട്ടങ്ങൾ കേരളീയ സമൂഹത്തെ ഉടച്ചുവാർക്കുന്ന ദേശീയവും, ജനാധിപത്യപരവും, മതേതരവുമായ ഉദാത്തമായ സങ്കല്പങ്ങളുമായി ഉദ്ഗ്രഥിക്കപ്പെടുകയും കേരളം ഒരു ദേശീയസമൂഹമായി രൂപാന്തരപ്പെടുന്ന പ്രക്രിയയിൽ മുന്നേറുകയും ചെയ്തു. കാർഷിക

മേഖലയിൽ നാടുവാഴിത്തത്തിനെതിരെ നടന്ന കർഷകരുടെ കരുത്തുററ ഉയർത്തെഴുന്നേല്പുകളും, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ഉയർന്നുവന്ന ദേശീയ പ്രക്ഷോഭണങ്ങളും, ഒരു സംഘടിതശക്തിയെന്ന നിലയിൽ തൊഴിലാളിവർഗ്ഗത്തിന്റെ ഉശിരൻ പോരാട്ടങ്ങളുമെല്ലാം തന്നെ ജാതിവ്യവസ്ഥയ്ക്കു് കനത്ത ആഘാതങ്ങളേല്പിച്ചിരുന്നു. പ്രത്യേകിച്ചും ഇരുപതുകൾക്കുശേഷം ഇവിടുത്തെ ഇടതുപക്ഷ ശക്തികളുടെയും കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെയും നേതൃത്വത്തിൽ ബോധപൂർവ്വം നടത്തപ്പെട്ട പ്രക്ഷോഭണങ്ങൾ ഇത്തരം പോരാട്ടങ്ങളുടെ പശ്ചാത്തലത്തിലാണല്ലോ 1947-ൽ ബ്രിട്ടീഷ് സാമ്രാജ്യത്തശക്തികൾ പിൻമാറുകയും, ഐക്യകേരളത്തിനു വേണ്ടി നടന്ന ശക്തമായ പോരാട്ടത്തിലൂടെ 1956-ൽ ഒരു ദേശീയസമൂഹമെന്ന നിലയിൽ കേരളം അഖിലേന്ത്യാഘടനയ്ക്കുള്ളിൽ രൂപീകരിക്കപ്പെടുകയും ചെയ്തതു്. എന്നാൽ സാമ്രാജ്യത്വത്തിനും, നാടുവാഴിത്തത്തിനും, ജാതിമേധാവിത്വത്തിനുമെതിരെ പോരാടിയ ജനങ്ങളുടെ മുൻനിരയിൽ നിലയുറപ്പിച്ചിരുന്ന ഇത്തരം ശക്തികളോടു് വിട്ടുവീഴ്ചയും വിധേയത്വവും പുലർത്തിയിരുന്ന വർഗ്ഗങ്ങളും ശക്തികളുമായിരുന്നു ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട രാഷ്ട്രീയാധികാരഘടനയെ നിർണ്ണയിച്ചിരുന്നതു് സാമ്രാജ്യത്ത ആശ്രിതരായിരുന്ന ഈ ഭരണവർഗ്ഗങ്ങളോടൊപ്പം സവർണ്ണജാതി മതമേധാവിത്വ ശക്തികൾ ഐക്യപ്പെടുകയും, ജാതിമേധാവിത്വത്തിനെതിരെ പോരാടിയ വിഭാഗങ്ങളെക്കൂടി അത്തരം വിഭാഗങ്ങളിലെ ഉപരിവർഗ്ഗങ്ങളിലൂടെ തങ്ങളുടെ അധികാരഘടനയുമായി ഉൾച്ചേർക്കുകയുമാണു് യഥാർത്ഥത്തിൽ ഉണ്ടായതു്. 1947-നെ തുടന്നുള്ള മൂന്നുനാലു് ദശകങ്ങളുടെ കേരളചരിത്രം പരിശോധിച്ചാൽ ഈ ഘട്ടത്തിൽ ഇവിടെനടന്ന സാമൂഹ്യപുന:സംഘടനയോടൊപ്പം പുതിയൊരടിത്തറയിൽ ജാതിവ്യവസ്ഥയും പുനസംഘടിപ്പിക്കപ്പെടുകയും കേരളത്തിലെ ഭരണവർഗ്ഗരാഷ്ട്രീയ പാർട്ടികളുടെ പ്രമുഖമായൊരു അടിത്തറയായി ജാതിവ്യവസ്ഥ മാറുകയും ചെയ്തിട്ടുണ്ടെന്നു് കണ്ടെത്തുവാൻകഴിയും. ജാതി-മത-ശക്തികളെ ആശ്രയിക്കാതെ വലതുപക്ഷമെന്നോ' ഇടതുപക്ഷമെന്നോ സ്വയം വിളിക്കുന്ന ഭരണവഗ്ഗങ്ങളുടെ ഏതൊരു ഭരണവിഭാഗങ്ങൾക്കും അധികാരത്തിലെത്തുവാനോ നിലനില്ക്കുവാനോ കഴിയുകയില്ലായെന്ന സ്ഥിതി ഇന്നും നിലവിലുള്ളതു് യാദൃശ്ചികമല്ലായെന്നാണു് ഇത്തരം വസ്തുതകൾ തെളിയിക്കുന്നതു്. ശ്രീനാരായണ പ്രസ്ഥാനത്തെപ്പോലെയുള്ള ജാതിവിരുദ്ധപ്രസ്ഥാനങ്ങളും, കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തെപ്പോലെയുള്ള തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിലെ യഥാർത്ഥ പൈതൃകങ്ങളവകാശപ്പെടുന്ന C P I, C P M തുടങ്ങിയ പാർട്ടികളും എന്തുകൊണ്ടാണു ജാതിപ്രസ്ഥാനങ്ങളും ജാത്യാഭിമുഖ്യമുള്ള പാർട്ടികളുമായി മാറിയതെന്നു് ഇത്തരമൊരു പശ്ചാത്തലത്തിൽ മാത്രമേ പരിശോധിക്കാനാകൂ.

നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ യഥാർത്ഥ കാർഷിക ഉല്പാദകരായിരുന്നെങ്കിലും, ഉല്പാദനോപകരണങ്ങളിലോ, ഉല്പാദനത്തിലോ, എല്ലാ നിയന്ത്രണാധികാരവും ചരിത്രപരമായിതന്നെ നിഷേധിക്കപ്പെട്ടിരുന്ന പുലയർ തുടങ്ങിയ അധ:സ്ഥിത ജാതികൾ ഇവിടെ നടപ്പിലാക്കപ്പെട്ട കാർഷികപരിഷ്കരണങ്ങളിലൂടെ കൃഷിഭൂമിയിൽനിന്നു് പുറത്താക്കപ്പെടുകയെന്നതു് സ്വാഭാവികമായിരുന്നു. അതു് സംഭവിക്കുകയും ചെയ്തു. ഈഴവരെപ്പോലെയുള്ള മദ്ധ്യമജാതികളുടെ സ്ഥിതി ഇതല്ലായിരുന്നു. നിലവിലുണ്ടായിരുന്ന പാട്ടവ്യവസ്ഥയനുസരിച്ചുതന്നെ പാട്ടത്തിനു ഭൂമിയിൽ കൃഷി ചെയ്തിരുന്ന കൃഷിക്കാരായിരുന്നു അവർ. അഥവാ പാട്ട

ളിലുള്ള അന്തരങ്ങൾ കഷ്കരെ വീർപ്പുമുട്ടിക്കുമ്പോൾ അതു മനസ്സിലാക്കുന്നതിനും അതിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി പരിഹാരം തേടുന്നതിനും കഴിയാത്ത കഷ്കരെ കൂലിവർദ്ധനവിന്റെ പേരിൽ കഷ്കരതൊഴിലാളികൾക്കുനേരെ തിരിച്ചുവിടുന്നതിനുള്ള ശ്രമങ്ങളാണ് ഇടത്തരം സമ്പന്ന കർഷകർക്ക് പ്രാമുഖ്യമുള്ള കർഷകസംഘടനകളുടെയും അവരെ നയിക്കുന്ന രാഷ്ട്രീയശക്തികളുടെയും ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. അവരെ സംബന്ധിച്ചിടത്തോളം തങ്ങളുടേ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കർഷകതൊഴിലാളികൾ നടത്തുന്ന ഏതെങ്കിലും തരത്തിലുള്ള പ്രതിരോധങ്ങളാണ് കാർഷിക മേഖലയിലെ കുഴപ്പങ്ങൾക്ക് കാരണം. ഇതു് അവശ്യവസ്തുക്കളടക്കമുള്ള നിത്യോപയോഗസാധനങ്ങളുടെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിലക്കയററത്തിന്റെ പശ്ചാത്തലത്തിൽ അധഃസ്ഥിതരുടെ ജീവിതം അങ്ങേയററം ദുഃഖകരമാക്കിത്തീക്കുന്നു. മാത്രമല്ല, കൃഷിഭൂമി തരിശിടുന്നതുൾപ്പെടെയുള്ള ഹീനമായ കൃത്യങ്ങളിൽ കർഷകർ ഏർപ്പെടുകയും ചെയ്യുന്നു.

ഇത്തരത്തിൽ കാർഷികമേഖലയിൽനിന്ന് പുറത്താക്കപ്പെടുന്നവരും വീർപ്പുമുട്ടി കഴിയേണ്ടിവരുന്നവരുമായ അധഃസ്ഥിതരെ ഏതെങ്കിലും തരത്തിൽ ഉൾക്കൊള്ളുവാൻ ഇവിടെ രൂപംകൊണ്ട നാണ്യവിള മേഖലയ്ക്കോ വ്യവസായികമേഖലയ്ക്കോ കഴിഞ്ഞില്ല. ജാതീയമായ പരിമിതികൾ തന്നെയായിരുന്നു ഇതിനുകാരണം. പ്രത്യേകിച്ചും ഇവിടെവളർന്നുവന്ന ആധുനിക വ്യാവസായിക മേഖല ഈഴവർ തുടങ്ങിയ മദ്ധ്യമജാതികളിൽനിന്ന് വന്നിട്ടുള്ളവർ കയ്യടക്കുകയാണുണ്ടായതു്. പേരിനു് അധഃസ്ഥിതരായ കുറെ ആളുകളെ അങ്ങിങ്ങായി കണ്ടേക്കാമെങ്കിലും പൊതുവെ ഈ രണ്ടുമേഖലയും അധഃസ്ഥിതരെ ഉൾക്കൊള്ളുന്നതിൽ വിമുഖത കാണിക്കുന്നതുകാണാം. മററുമേഖലകളെ അപേക്ഷിച്ച് സംവരണത്തിന്റെ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ടു് ചെറിയൊരു ശതമാനം ആളുകൾക്ക് സർവ്വീസ് മേഖലകളിൽ കടന്നുകൂടുവാൻ കഴിഞ്ഞുവെങ്കിലും ഇവിടെ നടപ്പിലാക്കപ്പെട്ട 'വികസന' പദ്ധതികളുടെ ഭാഗമായും മററും വളർന്നുവന്ന വമ്പിച്ച തൊഴിലില്ലാപ്പടയുടെ ഭാഗമായി അധഃസ്ഥിത യുവാക്കളും മാററപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ അതും അവരെ സംബന്ധിച്ചിടത്തോളം ഒരു മരീചികയായി മാറിയിരിക്കുന്നു. മാത്രമല്ല, ഇത്തരത്തിൽ അധഃസ്ഥിത വിഭാഗങ്ങളിൽ നിന്ന് സർവ്വീസ് മേഖലകളിൽ എത്തപ്പെട്ട ഒരു വിഭാഗമെങ്കിലും പൊതുവെ ഒരുതരം സവർണ്ണവൽക്കരണത്തിനു് വിധേയമാക്കപ്പെടുന്നുവെന്ന ദുരവസ്ഥയും അധഃസ്ഥിതരെ സംബന്ധിച്ചിടത്തോളം നിലവിൽ വരികയുണ്ടായി.

എന്നാൽ മറെറാരുതലത്തിൽ, കാർഷികമേഖലയിൽനിന്നും അതുപോലെതന്നെ പരമ്പരാഗത തൊഴിൽ മേഖലകളിൽനിന്നും പുറത്താക്കപ്പെട്ട അധഃസ്ഥിത വിഭാഗങ്ങൾക്കുവേണ്ടി അവർ 'അവശരും' 'അധഃകൃതരും' 'ഹരിജന'ങ്ങളുമാണെന്നും അതുകൊണ്ടു് അവരെ ഉദ്ധരിക്കേണ്ട ബാദ്ധ്യത തങ്ങൾക്കാണെന്നുമുള്ള നിലയിൽ അഖിലേന്ത്യാഭരണാധികാരികളും, സംസ്ഥാനഭരണാധികാരികളും, നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങളാണ് ഇന്ന് അധഃസ്ഥിതരെ സംബന്ധിച്ചിടത്തോളം അവരുടെ നിലനില്പിനുതന്നെ ആധാരമെന്ന അവസ്ഥസൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഭൂപരിഷ്കരണമെന്ന ഓമനപ്പേരിൽ പത്തുസെന്റുകളിലേക്കും ലക്ഷംവീടുകോളനികളിലേയ്ക്കും നഗരവികസനത്തിന്റെ ഭാഗമായി രൂപംകൊണ്ട ചേരിപ്രദേശങ്ങളിലേക്കും ആട്ടിപ്പായിക്കപ്പെട്ട അധഃ

ത്തിനെടുത്ത ഭൂമിയിലെ ഉല്പാദനത്തെ നിയന്ത്രിക്കാനുള്ള അധികാരം അവർക്കുണ്ടായിരുന്നു. അതുപോലെതന്നെ തങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിന്റെ ഒരു വിഹിതത്തിനും ഇക്കൂട്ടർ അവകാശികളായിരുന്നു. ഇത്തരത്തിൽ ഉല്പാദനത്തിലും ഉല്പന്നങ്ങളിലുമുള്ള സ്വാധീനമാണു് യഥാർത്ഥത്തിൽ ഇവിടെ പാട്ടക്കുടിയാൻ വ്യവസ്ഥ ഇല്ലാതാക്കിയ കാർഷിക പരിഷ്കരണങ്ങളിലൂടെ ഈഴവരെ കൃഷിഭൂമിയുടെ യഥാർത്ഥ ഉടമകളാക്കി മാറ്റിയതു്. എന്നാൽ അപ്പോഴും പാട്ടഭൂമിയുൾപ്പെടെ കൃഷിഭൂമിയിൽ വിയർപ്പൊഴുക്കി യഥാർത്ഥത്തിൽ പണിയെടുത്തിരുന്ന അധഃസ്ഥിതർ ഒരിഞ്ചു ഭൂമിക്കുപോലും അർഹതയില്ലാതെ തുരത്തപ്പെടുകയാണുണ്ടായതു്. "ജന്മിത്വം അവസാനിപ്പിക്കുക" "കൃഷിഭൂമി കർഷകനു്" തുടങ്ങിയ മുദ്രാവാക്യങ്ങൾ ഇവിടെ നടപ്പിലാക്കപ്പെട്ടതു്. മദ്ധ്യമജാതികൾ തൊട്ടു് മുകളിലേയ്ക്കുള്ള ജാതികൾക്കു് അനുകൂലമായിട്ടായിരുന്നുവെന്നു് ഇതിൽനിന്നു് വ്യക്തമാണല്ലോ. എന്നാൽ ഇത്തരം മൗലികമായ മാറ്റങ്ങൾക്കു് നേതൃത്വം കൊടുത്തതു് ഇവിടുത്തെ പുരോഗമനശക്തികളും കമ്മ്യൂണിസ്റ്റു പാർട്ടിയുമായിരുന്നുവെന്ന കാര്യം ശ്രദ്ധേയമാണു്. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളിവർഗ്ഗത്തോടും മറ്റു് അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങളോടുമൊപ്പം കേരളത്തിലെ ലക്ഷക്കണക്കിനുവരുന്ന അധഃസ്ഥിതരും അണിചേർന്നിരുന്നുവെന്നതു് യാദൃച്ഛികമല്ല.

കേരളത്തിൽ പൊതുവേയും കാർഷികമേഖലയിൽ പ്രത്യേകിച്ചും തുടർന്നുണ്ടായ മാറ്റങ്ങൾ ഈ ജനവിഭാഗങ്ങളുടെ സ്ഥിതി അങ്ങേയറ്റം ശോചനീയമാക്കി തീർത്തിട്ടുണ്ടു്. പരമ്പരാഗത തൊഴിലുകളുമായി ബന്ധപ്പെട്ടു് നിലനിന്നിരുന്ന, സ്വയം കാര്യങ്ങൾ നിർവ്വഹിച്ചിരുന്ന, അധഃസ്ഥിത ജാതീയ സമൂഹങ്ങൾ ഇത്തരം മാറ്റങ്ങളിൽപെട്ടു് അങ്ങേയറ്റം ശിഥിലീകരിക്കപ്പെട്ടിരിക്കുന്നു. കാർഷികമേഖലയിലെ അധഃസ്ഥിതരുടെ തന്നെ സ്ഥിതി പരിശോധിച്ചാൽ ഇതു് മനസ്സിലാക്കുവാൻ കഴിയും.

കേരളത്തിലെ കാർഷികമേഖലയുടെ സവിശേഷത അതു് ഒരു നാണ്യവിള മേഖലയായി മാറ്റപ്പെടുന്നുവെന്നതാണു്. ഇതാകട്ടെ വളരെ വിപുലമായിരുന്ന ഭക്ഷ്യവിളമേഖലയെ തകർത്തുകൊണ്ടായിരുന്നു. കേരളത്തിന്റെ നെല്ലറയായിരുന്ന കുട്ടനാടു പോലെയുള്ള വിസ്തൃതമായ മേഖലകളിലേക്കുപോലും റബർ, കൊക്കോ തോട്ടങ്ങൾ പടർന്നുപിടിച്ചു. നെൽകൃഷി ചെയ്യുന്ന ഭൂവിഭാഗത്തിന്റെ തോതിലുണ്ടായ കുറവു മാത്രമല്ല, ഇതുമായി ബന്ധപ്പെട്ടു് നൂറ്റാണ്ടുകളായി നിലനിന്നിരുന്ന അധഃസ്ഥിത ജനവിഭാഗങ്ങൾക്കു് പൂർണ്ണമായും തങ്ങളുടെ ജീവിതോപാധികൾ ഇല്ലാതാകുകയും ചെയ്തു. അതോടൊപ്പം തന്നെ കാർഷികമേഖലയിലുണ്ടായ ശക്തമായ തുണ്ടുവല്ക്കരണവും, ആധുനിക കൃഷി സമ്പ്രദായത്തിന്റെ ഭാഗമായി ഇറക്കുമതി ചെയ്യപ്പെട്ട ട്രാക്ടർ, ട്രില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങളോടും, രാസവളം, കീടനാശിനി തുടങ്ങിയ കാർഷിക മുടക്കുകളോടും കൂടി പുനഃസ്ഥാപിക്കപ്പെട്ട കാർഷികമേഖലയിൽ അധഃസ്ഥികരുടെ ജീവിതസാദ്ധ്യതകൾ വീണ്ടും നിഷേധിക്കപ്പെടുകയായിരുന്നു. ഇതോടൊപ്പം തന്നെ ഈ മേഖലയിലേക്കു് കടന്നുവന്ന ഉയർന്ന ജാതികളിൽ നിന്നുള്ള കർഷക തൊഴിലാളികളേയും ഇവർക്കു നേരിടേണ്ടതുണ്ടായിരുന്നു. കൃഷിഭൂമി സ്വന്തമായിട്ടുള്ള ജാതികളിൽപെട്ട ആളുകളെ കർഷകതൊഴിലാളികളായി തിരഞ്ഞെടുക്കുവാനുള്ള ജാതീയമായ സാദ്ധ്യതകൾ കൂടി കണക്കിലെടുക്കുമ്പോൾ അധഃസ്ഥിതരുടെ തൊഴിൽസാദ്ധ്യതകൾ വീണ്ടും പരുങ്ങലിലാവുന്നു. കാർഷിക മുടക്കുകളുടെയും കർഷക ഉല്പന്നങ്ങളുടെയും വിലക

സ്ഥിതരുടെ പിന്നാലെ ഒരു 'രക്ഷക'നെപ്പോലെ പിന്തുടരുന്ന ഇത്തരം
'ക്ഷേമ'പ്രവർത്തനങ്ങൾ ഇന്ന് അധഃസ്ഥിതരെ സംബന്ധിച്ചിടത്തോളം
അവരുടെ കഴുത്തിലെ ഏററവുംവലിയ ഒരു കുരുക്കായി മാറിക്കൊണ്ടിരി
ക്കുന്നു. പത്തുസെൻറുകളുടെ പട്ടയംപോലും സഹകരണസംഘങ്ങളും
ബാങ്കുകളും കയ്യടക്കിക്കൊണ്ടിരിക്കുന്നു. കടക്കെണിയിൽ അങ്ങേയററം
കുടുങ്ങിയ അധഃസ്ഥിതർ ജപ്തികളുടെയും കുടിയിറക്കുകളുടെയും പുതി
യൊരു ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇവയുടെ പിന്നിൽ
പ്രവർത്തിക്കുന്ന സാമ്പത്തിക രാഷ്ട്രീയതാല്പര്യങ്ങൾ എന്ത്‌എന്ന് നാം
തിരിച്ചറിയേണ്ടതുണ്ട്. അപ്പോൾമാത്രമേ ഇന്ന് അധഃസ്ഥിതർ എത്തി
നില്ക്കുന്ന പ്രതിസന്ധിയുടെ ആഴംബോദ്ധ്യപ്പെടുകയുള്ളു. ഇന്ന് ഇന്ത്യൻ
ഭരണാധികാരികൾ അഖിലേന്ത്യാ തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാ
ക്കിക്കൊണ്ടിരിക്കുന്ന ക്ഷേമ പ്രവർത്തനങ്ങളെല്ലാം ആഗോളതലത്തിൽ
സാമ്രാജ്യത്തശക്തികൾ കഴിഞ്ഞ അരനൂററാണ്ടോളം കാലമായി തുടർന്നു
പോരുന്ന പുതിയ കൊളോണിയൽ ചൂഷണസമ്പ്രദായത്തിൻെറ ഭാഗമാ
ണ്. ഇവിടെ നടപ്പിലാക്കപ്പെടുന്ന 'ഹരിജന' 'ഗിരിജന' ഉദ്ധാരണ
പദ്ധതികളോ ലോണുകളോ, ക്ഷേമനിധികളോ, കർഷകതൊഴിലാളി
പെൻഷനുകളോയെല്ലാം ഇത്തരം പദ്ധതികളുടെ ഭാഗംമാത്രമാണ്. മാറി
മാറി അധികാരത്തിൽവരുന്ന 'ഹരിജന' 'ഗിരിജൻ' പ്രേമികളായ
'വലതു്'' 'ഇടതു'പക്ഷ ഭരണാധികാരികൾ ഈ യാഥാർത്ഥ്യത്തെ മറച്ചു
വച്ചുകൊണ്ട് ഇവയെല്ലാം തങ്ങളുടെ ഭരണനേട്ടങ്ങളായിട്ടാണ് ചിത്രീക
രിക്കുന്നതു്. തീർച്ചയായും സാമ്രാജ്യത്ത സേവകരായ ഇവിടുത്ത ഭരണാ
ധികാരാവർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം ഇതു് അഭിമാനകരമായ ഒരു
കാര്യമായിട്ടുതന്നെയാണ് അവർക്കു് തോന്നുന്നതു്. സന്ദർഭോചിതമായി
അവർ ഉയർത്തുന്ന ജനപ്രീതികരമായ മുദ്രാവാക്യങ്ങളുടെയും, എല്ലായ്
പ്പോഴും നിലനിർത്തുവാൻ വൃഥാ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഇടതുപക്ഷ
'സോഷ്യലിസ്ററ്'' പൊയ്മുഖത്തിൻെറയും പിന്നിലുള്ളതു്. ഈ
ജനവിഭാഗങ്ങളോടു മുഖ്യമായും പുലർത്തിപ്പോരുന്ന വഞ്ചനാപരമായ സമീ
പനങ്ങളാണ്. ചുരുക്കത്തിൽ തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ജാതീയ
മായ മർദ്ദനങ്ങൾക്കു പുറമെ അധഃസ്ഥിത ജനവിഭാഗങ്ങളെ സാമ്രാജ്യത്വ
കഴുകന്മാർക്കു് കൊത്തിവലിക്കുന്നതിനുവേണ്ടി എറിഞ്ഞുകൊടുക്കുന്ന
അങ്ങേയററം കുററകരമായ ഒരു കൃത്യമാണ് ഇവിടുത്തെ സവർണ്ണജാതി
മേധാവിത്വ ഭരണാധികാരികൾ നിർവ്വഹിക്കുന്നതു്. ഇതു് നഗ്നമായ
സാമ്രാജ്യത്തക്കൂട്ടിക്കൊടുപ്പും ദേശദ്രോഹവുമാണ്. ഇതുകേവലം തൊഴിൽ
നഷ്ടപ്പെടുന്നതിൻെറയും, കൃഷിഭൂമിയിൽനിന്നു പുറത്താക്കപ്പെടുന്നതി
ൻെറയും ഉച്ചനീചത്വങ്ങളുടെയും മാത്രംപ്രശ്നമല്ല. സാമ്രാജ്യത്തശക്തി
കൾ അവരുടെ ദല്ലാളന്മാരിലൂടെ അധഃസ്ഥിത വിഭാഗങ്ങളെ കൊള്ളയടി
ക്കുന്നതിൻെറ പ്രശ്നമാണ്. കേവല സാമൂഹ്യപ്രശ്നമെന്നതിലുപരി അധഃ
സ്ഥിതർ നേരിടുന്ന മുഖ്യപ്രശ്നവും വെല്ലുവിളിയും ഇതാണ്. ഈ വെല്ലു
വിളി ഏറെറടുക്കുവാൻ തയ്യാറാവുകയാണ് ഇന്ന് അധ സ്ഥിതരുടെ കടമ.

എന്നാൽ ഇതാകട്ടെ അധഃസ്ഥിതരെ മാത്രം ബാധിക്കുന്ന ഒരു പ്രശ്നമ
ല്ല. സ്വന്തമായൊരു ഭാഷയും സംസ്കാരവും, ചരിത്രവും, ജീവിതരീതിയും
നിശ്ചിതമായ അതിർവരമ്പുകളോടുകൂടിയ ഒരു ഭൂപ്രദേശവുമുള്ള കേരളീയ
സമൂഹത്തെ മുഴുവൻ ബാധിക്കുന്ന ഒരു പ്രശ്നമാണ്. അതുകൊണ്ടുതന്നെ
അധഃസ്ഥിതരുടെ പ്രശ്നങ്ങളെ മൊത്തം കേരളീയരുടെ പ്രശ്നങ്ങളിൽനി
ന്ന് അടർത്തിമാററി പരിശോധിക്കുവാനോ പരിഹാരം കണ്ടെത്തുവാനോ

കഴിയുകയില്ല. സാമ്രാജ്യത്വശക്തികളുടെയും അഖിലേന്ത്യാകുത്തകകളുടെയും നീരാളിപ്പിടുത്തത്തിൽനിന്നു് കേരളം വിമോചിപ്പിക്കപ്പെടുന്നതിലൂടെ മാത്രമെ അധ:സ്ഥിതരുടെ മോചനവും സാധ്യമാകൂ എന്നർത്ഥം. ഇത്തരമൊരു യാഥാർത്ഥ്യത്തെ കാണാതെ ഇന്ത്യയിൽ നിലവിലിരിക്കുന്ന ഭരണഘടനയുടെ നാലതിരുകൾക്കുള്ളിൽനിന്നു് അധ:സ്ഥിതർ നേരിടുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കുവാൻ കഴിയുമെന്ന ഒരു ധാരണയാണു് പരക്കെ നിലനിൽക്കുന്നതു്. എന്നാൽ ഈ ഭരണഘടനതന്നെ മൗലികമായി ആരുടെ വർഗ്ഗതാല്പര്യങ്ങളെയാണു് പ്രതിനിധീകരിക്കുന്നതെന്നോ, എന്തുകൊണ്ടാണു് ഭരണഘടനതന്നെ ചില അവകാശങ്ങൾ അധ:സ്ഥിത വിഭാഗങ്ങൾക്കുവേണ്ടി ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നോ ശാസ്ത്രീയമായി മനസ്സിലാക്കുവാൻ കഴിയാതെ ഇവിടുത്തെ അധ:സ്ഥിത സംഘടനകളെല്ലാം തത്വത്തിൽ സവർണ്ണമേധാവിത്വത്തെ എതിർക്കുന്നു എന്നു പറയുന്നവപോലും പ്രായോഗികമായി ഏതൊരു മൗലിക പ്രശ്നത്തിലും സവർണ്ണമേധാവിത്വത്തിൻെറ പക്ഷത്തു് അണിനിരക്കുന്നതുകാണാം. അതുവഴി യഥാർത്ഥത്തിൽ ഈ അധ:സ്ഥിത സംഘടനകൾതന്നെ ജാതിവ്യവസ്ഥയുടെ വക്താക്കളാവുകയാണു് ചെയ്യുന്നതു്.

"ഒരൊററ ഇന്ത്യ", "ഒരൊററ ജനത", "ഒരൊററ സംസ്കാരം" തുടങ്ങിയ മുദ്രാവാക്യങ്ങളെതന്നെ എടുക്കുക. ഇതു് ആർ. എസ്സ്. എസ്സിനെപോലെയുള്ള സവർണ്ണജാതിമേധാവിത്വശക്തികൾ എന്നും ഉയർത്തിപ്പിടിച്ചിട്ടുള്ള മുദ്രാവാക്യങ്ങളാണു്. ഗാന്ധിജിയെപ്പോലെയുള്ള സനാതനഹിന്ദുക്കളെപ്പോലും വകവരുത്തുവാൻ അവർക്കു പ്രചോദനം നൽകിയതു് ഇത്തരം മുദ്രാവാക്യങ്ങളാണു്. അവരുടെ മതാന്ധതയും അസഹിഷ്ണുതയും എന്നും കുപ്രസിദ്ധമാണു്. കോൺഗ്രസ്സിൻെറയൊ, കമ്യൂണിസ്റ്റുപ്രസ്ഥാനത്തിൻെറയൊ ആദ്യകാല ചരിത്രം പരിശോധിച്ചാൽ ഇത്തരം മുദ്രാവാക്യങ്ങൾ ഒരിക്കലും തങ്ങളുടെ മുദ്രാവാക്യങ്ങളായി അവർ കണ്ടിരുന്നില്ലെന്നു കാണാം. എന്നാൽ ഇന്നു് അഖിലേന്ത്യ ഭരണകൂടത്തിൻെറ കേന്ദ്രമുദ്രാവാക്യങ്ങളായി ഇതു മാറിയിട്ടുണ്ടു്. അതുകൊണ്ടുതന്നെ ഈ ഭരണകൂടത്തിൻെറ വക്താക്കളായ എല്ലാ പാർട്ടികളുടെയും, പ്രസ്ഥാനങ്ങളുടെയും, മുദ്രാവാക്യങ്ങളായി ഇതു മാറുന്നു. തീർച്ചയായും, സവർണ്ണഹൈന്ദവ-ജാതിമേധാവിത്വ ശക്തികളുമായി ഇത്തരം ശക്തികളെല്ലാം ദൃഢമായ ഐക്യത്തിലായിരിക്കുന്നു എന്നുതന്നെയാണു് ഇതിനർത്ഥം. ഇത്തരം മുദ്രാവാക്യങ്ങളുയർത്താതെ സി. പി. ഐ., സി. പി. എം. തുടങ്ങിയ പാർട്ടികൾക്കുപോലും നിലനില്പില്ലായെന്നു വന്നിരിക്കുന്നു. "ദേശീയോദ്ഗ്രഥനം" "അഖണ്ഡത" തുടങ്ങിയ സവർണ്ണ സൂക്തങ്ങൾ ഇക്കൂട്ടരും നിരന്തരം ഉരുവിടുന്നു. ഇവിടുത്തെ അധ:സ്ഥിത സംഘടനകളുടെയും സ്ഥിതി വ്യത്യസ്ഥമല്ല. സവർണ്ണജാതി മേധാവിത്വ താല്പര്യങ്ങളും, അധ:സ്ഥിത താല്പര്യങ്ങളും ഒന്നായിതീരുന്ന മർദ്ദകൻെറ താല്പര്യങ്ങളും മർദ്ദിതൻെറ താല്പര്യങ്ങളും ഒന്നായിതീരുന്ന, വിരോധാഭാസമാണു് നമുക്കിവിടെ കാണാൻ കഴിയുന്നതു്. നൂറുകണക്കിനു് വർഷങ്ങളായി അധ:സ്ഥിതരെ കേവലം, ജന്തുക്കളെപോലെ കണ്ടിരുന്ന സവർണ്ണമേധാവിത്വശക്തികൾ ഇന്നിതാ ഒരു വെളിപാടുപോലെ നാം ഒരൊററ കുടുംബത്തിലെ അംഗങ്ങളാണെന്നും, സഹോദരങ്ങളാണെന്നും, ഏകാത്മകമായ ഒരു സമൂഹമാണെന്നും മററും മുറവിളികൂട്ടുന്നു.

എന്നാൽ യാഥാർത്ഥ്യമെന്താണു്. ഇന്ത്യയെപ്പോലുള്ള വിസ്തൃതമായൊരു ഭൂഖണ്ഡം എപ്പോഴെങ്കിലും ഒരൊററ സമൂഹമോ, ജനതയോ, സം

സ്കാരമോ, ആയി നിലനിന്നിട്ടുണ്ടോ? R. S. S. നെപ്പോലുള്ള സവർണ്ണ മേധാവിത്വ ശക്തികളൊഴികെ മററാരും ഇത്തരമൊരു കെട്ടുകഥ ഒരിക്കലും അംഗീകരിച്ചിരുന്നില്ല. കാരണം അതു് ഇന്ത്യയിലെ യാഥാർത്ഥ്യങ്ങൾക്കു് തികച്ചും വിരുദ്ധമായിരുന്നു. ഒട്ടനവധി ഭാഷകളും, സംസ്കാരങ്ങളും, വൈവിദ്ധ്യമാർന്ന ജീവിതരീതികളും, ആചാരാനുഷ്ഠാനങ്ങളും മററുമുണ്ടായിരുന്ന വിവിധ സമൂഹങ്ങളുടെ ആവാസകേന്ദ്രമായിരുന്ന ഈ മേഖല ബ്രിട്ടീഷുകർ വെട്ടിപ്പിടിച്ചു് തങ്ങളുടെ കോളനിയാക്കുന്നതുവരെ ഈ അവസ്ഥ തുടർന്നുപോന്നിരുന്നു. ഇതോടെ ഈ മേഖലയിൽ സ്വതന്ത്രമായി വികാസം പ്രാപിച്ചുകൊണ്ടിരുന്നവയും വികാസം പ്രാപിക്കുവാൻ സാദ്ധ്യതയുണ്ടായിരുന്നവയുമായ എല്ലാദേശീയസമൂഹങ്ങളും 'ബ്രിട്ടീഷ്ഇന്ത്യ' എന്ന ഒരൊററ കോളനിയായിമാറി. ഇന്നും പുതിയൊരു തലത്തിലാണെങ്കിലും, നിലനില്ക്കുന്ന ഈ കോളനിയെയാണു് സവർണ്ണമേധാവിത്വ ഭരണാധികാരികൾ 'ഒരൊററ' ഇന്ത്യയായി കാണുന്നതു്. 1956-ൽ കേരളം രൂപം കൊള്ളുന്നതുവരെ തിരുവിതാംകൂറും, കൊച്ചിയും, മലബാറും ഉൾപ്പെടുന്ന മൂന്നുരാജ്യങ്ങളായിരുന്നുവല്ലോ നമ്മുടെ നാടു്. സാമ്രാജ്യത്വ, നാടുവാഴിത്ത ശക്തികളുടെ ക്രൂരമായ അടിച്ചമർത്തലുകൾക്കു് വിധേയമായി ജാതീയവും, മതപരവും, വർഗ്ഗപരവുമായി വേർതിരിക്കപ്പെട്ട ഒരു സമൂഹമായിരുന്നു ഇതു്. ഇത്തരം പിന്തിരിപ്പൻ ശക്തികൾക്കെതിരെ പോരാടിക്കൊണ്ടാണു് ദേശാഭിമാനപരവും, ജാതിവിരുദ്ധവും, ജനാധിപത്യപരവും, മതേതരവുമായ ഒരു പുതിയഉണർവ്വ് കേരളീയ സമൂഹത്തിൽ രൂപം കൊണ്ടതും, ജാതിമതബോധത്തിനപ്പുറം നാം ഒരു ജനതയാണെന്ന ബോധം ഉടലെടുത്തതും. ശ്രീനാരായണപ്രസ്ഥാനത്തെയും, അയ്യൻകാളിപ്രസ്ഥാനത്തെയുംപ്പോലുള്ള അധഃസ്ഥിത നവോത്ഥാന പ്രസ്ഥാനങ്ങളും, കമ്മ്യൂണിസ്ററുപാർട്ടിയെപോലുള്ള ഉശിരൻ ജനാധിപത്യ പ്രസ്ഥാനങ്ങളും ഇത്തരം ഒരു പ്രക്രിയയ്ക്കു് നേതൃത്വം കൊടുക്കുകയുണ്ടായി. എന്നാൽ ഈ പ്രക്രിയ പൂർത്തീകരിക്കപ്പെടുകയൊ, കേരളം ഒരു ജനാധിപത്യ സമൂഹമായി പുനസംഘടിപ്പിക്കപ്പെടുകയൊ ചെയ്യുകയുണ്ടായില്ല. കാരണം ഇതിനു നേതൃത്വം നല്കിയ കമ്യൂണിസ്ററു പാർട്ടിയെച്ചോലുള്ള ഏററവും പുരോഗമനപരമായ ശക്തികൾതന്നെ ജാതി-മത-മേധാവിത്വങ്ങളുമായി നിഗൂഢമായ സഖ്യങ്ങളിലേർപ്പെടുകയും, വിട്ടുവീഴ്ചകൾനല്കി ഇവയുടെ സംരക്ഷകരായി മാറുകയുമാണുണ്ടായതു്. ഇന്നും ഒരു വ്യക്തിയുടെ ജനനംമുതൽ മരണംവരെയുള്ള എല്ലാകാര്യങ്ങളും നിർണ്ണായകമായി തീരുമാനിക്കുന്നതു് പൊതുസമൂഹനിയമങ്ങൾക്കപ്പുറം ജാതീയമായ ഉപസമൂഹനിയമങ്ങളാണു്. അതുകൊണ്ടുതന്നെയാണു് വിവാഹംപോലെയുള്ള ഏററവും ചെറിയ കാര്യങ്ങളിൽപോലും, സ്വന്തം ഇണയെ കണ്ടെത്തുന്നതിനുള്ള മൗലികമായ അവകാശംപോലും, നമ്മുടെ സമൂഹത്തിൽ ഇന്നും നിഷേധിക്കപ്പെടുന്നതു്. ഏതെങ്കിലും ഭരണഘടനകളിൽ ഔപചാരികമായി എഴുതിവെച്ചതുകൊണ്ടുമാത്രം പരിഹരിക്കപ്പെടുന്ന പ്രശ്നങ്ങളല്ല ഇവ. ജാതിവ്യവസ്ഥയുടെ തിക്തഫലങ്ങൾ എക്കാലവും അനുഭവിക്കേണ്ടിവരുന്ന അടിച്ചമർത്തപ്പെട്ട അധഃസ്ഥിത വിഭാഗങ്ങൾ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിനു് തയ്യാറാകുമ്പോൾമാത്രമെ ഇത്തരമൊരവസ്ഥ ഇല്ലായ്മ ചെയ്യുവാൻ കഴിയൂ. അപ്പോൾ മാത്രമേ നാമൊരൊററ ജനതയാണെന്നും ഒരൊററ സമൂഹമാണെന്നും പറയുവാനാകൂ. അതുകൊണ്ടു് തന്നെ പ്രത്യക്ഷത്തിൽ ഏററവും പുരോഗമനപരമെന്നു് തോന്നിയ്ക്കാവുന്ന ഇത്തരം മുദ്രാവാക്യങ്ങളുടെ മറവിൽ യഥാർത്ഥത്തിൽ ആർഷസംസ്കാരത്തിന്റെ

വക്താക്കളായ സവർണ്ണമേധാവിത്വശക്തികൾ അധഃസ്ഥിതരെ അടിച്ച
മർത്തുകയും വഞ്ചിക്കുകയുമാണെന്ന തിരിച്ചറിവാണ് ഇന്നാവശ്യം.
അത്തരമൊരു തിരിച്ചറിവിലൂടെ മാത്രമെ ഒരു ദേശീയ രാഷ്ട്രമായി മാറുവാ
നുള്ള പ്രതിബന്ധങ്ങൾ ഇല്ലായ്മചെയ്തുകൊണ്ട് നമ്മുടെ സമൂഹത്തെ മുന്നോട്ട
ചലിപ്പിക്കുവാൻ കഴിയൂ. ഇത്തരമൊരു കടമ നിർവ്വഹിക്കുന്നതിന് അധ
സ്ഥിതരെ സംബന്ധിച്ചിടത്തോളം പരിമിതികളുണ്ട്. സമൂഹത്തെ മുന്നോ
ട്ടുനയിക്കുന്ന ചാലകശ്‌കതിയായി അതിന് സ്വയം പ്രതിഷ്ഠിക്കുവാൻ
കഴിയില്ല. ചരിത്രപരമായ കാരണങ്ങളാൽതന്നെ നമ്മുടേതുപോലെയുള്ള
ഏതൊരു സമൂഹത്തെയും മുന്നോട്ടുനയിക്കുന്ന ഏക ശക്‌തി തൊഴിലാളി
വർഗ്ഗത്തിനുമാത്രമെ, അതിന്റെ പ്രത്യയ ശാസ്ത്രത്തിനുമാത്രമെ മുഴവൻ
മനുഷ്യരാശിയുടെയും ആത്യന്തികമായ വിമോചനം ഉറപ്പുവരുത്തുവാൻ
കഴിയൂ. അതേസമയംതന്നെ തൊഴിലാളിവർഗ്ഗത്തിന്റെ വർഗ്ഗഗണത്തിൽ
പെടാത്ത അധഃസ്ഥിതർക്ക് തൊഴിലാളിവർഗ്ഗത്തിനുപോലും നേരിടേ
ണ്ടിവരാത്ത ജാതീയമായ സവിശേഷമർദ്ദനങ്ങൾ നേരിടേണ്ടിവരുന്നുവെ
ന്ന വസ്തുത മറ്റേതെങ്കിലും ശക്തികൾ തങ്ങളുടെ വിമോചകരായി മാറുമെ
ന്നോ, അങ്ങനെ തങ്ങൾ വിമോചിതരായിത്തീരുമെന്നോയുള്ള യാതൊരു
മിഥ്യാധാരണയ്ക്കും വകനൽകുന്നില്ല. മാത്രമല്ല, ജാതീയമായ കാരണങ്ങ
ളാൽതന്നെ ആധുനിക തൊഴിലാളിവർഗ്ഗത്തിലേക്ക് റിക്രൂട്ട് ചെയ്യപ്പെടു
വാനോ അതിന്റെ നേതൃത്വശക്തിയായി മാറുവാനോയുള്ള യാതൊരു സാ
ദ്ധ്യതകളും അധഃസ്ഥിതരെ സംബന്ധിച്ചിടത്തോളം നിലവിലില്ലായിരു
ന്നു. ഈഴവരെപ്പോലെയുള്ള മദ്ധ്യമജാതികളിൽനിന്നും ആധുനിക വ്യാവ
സായിക മേഖലയിലേക്ക് എത്തിച്ചേർന്ന പുതിയ വർഗ്ഗമാണല്ലോ ആധു
നിക തൊഴിലാളിവർഗ്ഗം. കമ്യൂണിസ്റ്റുപ്രസ്ഥാനമുൾപ്പെടെയുള്ള പുരോ
ഗമന വിപ്ലവപ്രസ്ഥാനങ്ങൾക്കും ഇത്തരമൊരു ജാതീയമായ പശ്ചാത്തല
മുണ്ട്. അതുകൊണ്ടുതന്നെയാണ് ഇത്തരം പ്രസ്ഥാനങ്ങളുടെ നേതൃത്വനി
രകളിൽ അധഃസ്ഥിതർക്ക് എത്തുവാൻ കഴിയാതിരുന്നത്. അതോടൊ
പ്പം ജാതിവ്യവസ്ഥയിലുണ്ടായ വിള്ളലുകളുടെയും, സവർണ്ണജാതികളിലെ
വർഗ്ഗധ്രുവീകരണത്തിന്റെയും ഭാഗമായി തൊഴിലാളിവർഗ്ഗവൽക്കരിക്ക
പ്പെട്ട ഉപരിജാതികളിൽനിന്നെത്തിയ ബുദ്ധിജീവികളും, സാമൂഹ്യരാഷ്ട്രീ
യശക്‌തികളും, ഒരിക്കലും കൈവിടാതെ സൂക്ഷിച്ച ജാതിബോധം ഇത്തരം
പ്രസ്ഥാനങ്ങളെ ജാത്യാധിഷ്ഠിത പ്രസ്ഥാനങ്ങളാക്കി മാറ്റുന്നതിൽ പ്രമുഖ
മായൊരു പങ്കുവഹിക്കുകയുണ്ടായി. തൊഴിലാളിവർഗ്ഗപ്രത്യയശാസ്ത്രം
സ്വന്തം വിമോചനത്തിന്റെ പ്രത്യയശാസ്ത്രമായി തിരിച്ചറിഞ്ഞുകൊണ്ട്
അധഃസ്ഥിതർ തങ്ങളുടെ വിമോചനത്തിന്റെ കർത്തവ്യം സ്വന്തം ചുമലുക
ളിൽ ഏറ്റെടുക്കുവാൻ തയ്യാറാവുകയും, മുന്നോട്ടുവരികയും ചെയ്യേണ്ടത്
ഇത്തരമൊരു സന്ദർഭത്തിലാണ് പ്രസക്‌തമായിത്തീരുന്നത്. സവർണ്ണ
ജാതിമേധാവിത്വത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളെടുത്ത്
പോരാടുവാനും, ജാതിവ്യവസ്‌ഥയെ ഇല്ലായ്മ ചെയ്യുന്നതിനുംവേണ്ടിയുള്ള
പോരാട്ടം മുന്നോട്ടുകൊണ്ടുപോകാനും തൊഴിലാളിവർഗ്ഗത്തെ പ്രേരിപ്പിക്കു
കയും, ഇത്തരമൊരു പ്രക്രിയയിൽ നിരന്തരം ജാഗ്രത പുലർത്തുകയും ചെ
യ്യണം സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും തങ്ങൾ നിലനില്ക്കുകയും
ജീവിക്കുകയും ചെയ്യുന്ന എവിടെയും ജാതിവ്യവസ്‌ഥക്കെതിരെ വിട്ടുവീ
ഴ്ചയില്ലാത്ത പോരാട്ടത്തിന് തയ്യാറാവുകയെന്നതാണ് ഇതിനർത്ഥം.
തങ്ങൾ നേരിടുന്ന ഗുരുതരമായ പ്രതിസന്ധി എന്ത് എന്ന് കണ്ടെത്തി
അതിനെതിരെ ആക്രമണത്തിന്റെ കുന്തമുന തിരിക്കുകയെന്നത് നിർണ്ണാ

യകമാണ്. മുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ അധ:സ്ഥിതർ നേരിടുന്ന മുഖ്യമായ വെല്ലുവിളി സാമ്രാജ്യത്വശക്തികളും അവരുടെ കൂട്ടിക്കൊടുപ്പുകാരായ അഖിലേന്ത്യാ ഭരണകൂടവുമായിരിക്കെ, അധ:സ്ഥിതജനത അവർക്കെതിരെയുള്ള പോരാട്ടത്തെയാണ് നിർണ്ണായകമായ പ്രശ്നമായി കാണേണ്ടത്. ഇത്തരമൊരു പോരാട്ടം കേരളീയ സമൂഹത്തിന്റെ ദേശീയ വിമോചന പോരാട്ടത്തിന്റെ അവാഭാജ്യഘടകമാണ്.

നാളിതുവരെ അധ:സ്ഥിതജനത നടത്തിയിട്ടുള്ള വിമോചന പോരാട്ടങ്ങൾക്ക് ഇത്തരമൊരു കടമ അടിയന്തിരമായി ഏറ്റെടുക്കേണ്ടിവന്നിരുന്നില്ല. സാമ്രാജ്യത്വകാലഘട്ടത്തിൽ പോലും അധ:സ്ഥിത പ്രസ്ഥാനങ്ങളോ, അതിന്റെ നേതൃത്വങ്ങളോ അതിന് തയ്യാറായിരുന്നില്ല. ശ്രീനാരായണപ്രസ്ഥാനമോ അയ്യൻകാളിപ്രസ്ഥാനമോ പോലെയുള്ള പ്രസ്ഥാനങ്ങൾക്കൊന്നും അത്തരത്തിലുള്ള ഒരുൾക്കാഴ്ച ഉണ്ടായിരുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം അന്ന് നിലവിലുണ്ടായിരുന്ന ഭരണസംവിധാനത്തിൽ—സവർണ്ണജന്മി—നാടുവാഴിത്ത ഭരണകൂടത്തിൽ—തങ്ങൾക്കുകൂടി പങ്കാളിത്തമുണ്ടാവുകയെന്നതിനപ്പുറം പ്രശ്നങ്ങളെ കാണാൻ കഴിഞ്ഞിരുന്നില്ല. ഈ കാലഘട്ടത്തിൽ പ്രത്യേകിച്ചും ഇവിടെ വളർന്നുവന്ന സാമ്രാജ്യത്ത ആശ്രിതമുതലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങളുമായി അധ:സ്ഥിത പ്രസ്ഥാനങ്ങളുടെ നേതൃവിഭാഗങ്ങളുടെ താല്പര്യങ്ങൾ കണ്ണിചേർക്കപ്പെട്ടിരുന്നുവെന്നാണ് ഇതിൽനിന്നു മനസ്സിലാക്കേണ്ടത്. മാത്രമല്ല, സവണ്ണമേധാവിത്വത്തിനെതിരെ ശക്തമായ വെല്ലുവിളികളുയർത്തിയപ്പോഴും പ്രസ്ഥാനങ്ങളെ നയിച്ചിരുന്ന പ്രത്യയശാസ്ത്രം ആത്മീയവാദപരമോ, ആശയവാദപരമോ ആയ സവർണ്ണമേധാവിത്വ പ്രത്യയശാസ്ത്രമായിരുന്നുവെന്ന വസ്തുതയും ഇവയുടെ ഉൾക്കാഴ്ചയില്ലായ്മക്ക് കാരണമായിത്തീർന്നിട്ടുണ്ട്. ഫലത്തിൽ സവർണ്ണമേധാവിത്വശക്തികളുമായി രാഷ്ട്രീയധികാരം പങ്കുവെച്ച അധ:സ്ഥിതപ്രസ്ഥാനങ്ങൾ, ജാതിവ്യവസ്ഥയുടെ തുടർന്നുള്ള നിലനില്പിന് സഹായകരമായ ഒരു നിലപാടാണ് സ്വീകരിച്ചത് ഇന്നും അത് തുടന്നുപോരുന്നു. ഇത്തരം ഒരു ചുറ്റുപാടിൽ നിന്നുവേണം ഇന്ന് അധ:സ്ഥിത ജനവിഭാഗങ്ങൾക്കിടയിലെ സൈദ്ധാന്തികവും പ്രായോഗികവുമായ പ്രശ്നങ്ങളെ നോക്കിക്കാണുവാൻ ജാതി ഉന്മൂലനം സ്വന്തം പരിപാടിയായി കാണുന്ന തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ ദേശീയവും, ജനാധിപത്യപരവുമായ വിപ്ലവത്തിലൂടെ ആവിഷ്ക്കരിക്കപ്പെടുന്ന ജനാധിപത്യഭരണ സംവിധാനത്തിലൂടെ മാത്രമെ അധ:സ്ഥിതർ നേരിടുന്ന മൗലികപ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരങ്ങൾ കണ്ടെത്തുവാൻ കഴിയൂ. തങ്ങളുടെ രാഷ്ട്രീയധികാരം എങ്ങനെ നേടിയെടുക്കുവാൻ കഴിയുമെന്ന കാതലായ പ്രശ്നമാണ് ഇവിടെ ഉയർന്നുവരുന്നത്.

അധ സ്ഥിതർ നേരിടുന്ന പ്രശ്നങ്ങളെ സാമ്പത്തിക സാമൂഹ്യ പ്രശ്നങ്ങളായി മാത്രം ചുരുക്കിക്കാണുന്ന ആർക്കും ഇത്തരമൊരു സമീപനം അംഗീകരിക്കുവാൻ കഴിയുകയില്ല. അവരെ സംബന്ധിച്ചിടത്തോളം സംവരണംപോലെയുള്ള പരിരക്ഷകളിലൂടെയൊ, സാമൂഹ്യമായ പിന്നോക്കാവസ്ഥ ഇല്ലായ്മ ചെയ്തോ, കൃഷിഭൂമിയുടെ പുനർവിതരണമോ, കൈമാറ്റമോ പോലെയുള്ള ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെയൊ പരിഹരിക്കപ്പെടുന്ന പ്രശ്നങ്ങളാണ് അധ:സ്ഥിതർ നേരിടുന്നത്. എന്നാൽ ഇത്തരം പദ്ധതികളുടെ പരിമിതികൾ അവർ കാണുന്നില്ല. ജാതിവ്യവസ്ഥയുടെ നിലനില്പുമായി ബന്ധപ്പെട്ട്, ഒരു

സോഷ്യലിസ്റ്റ് സമൂഹത്തിൽപോലും, അധഃസ്ഥിതർക്ക് പ്രത്യേകമായ പരിരക്ഷകൾ (സംവരണം) ആവശ്യമുണ്ട്. എന്നാൽ ഇതിനെ മാത്രം അവസാനവാക്കായി കാണുന്ന സമീപനം അശാസ്ത്രീയമാണ്. ഇന്ന് നമ്മുടെ സമൂഹത്തിലാകട്ടെ അധഃസ്ഥിതരെ വ്യാമോഹിപ്പിക്കുന്നതിനും, ഭരണകൂടത്തിന്റെ പക്ഷത്ത് അണിനിരത്തുന്നതിനുംവേണ്ടിയാണ് സംവരണംപോലുള്ളവ ഉപയോഗിക്കപ്പെടുന്നത് എന്ന വസ്തുതയും കണക്കിലെടുക്കപ്പെടേണ്ടതുണ്ട്. ചാതുർവർണ്ണ്യമതസങ്കല്പങ്ങളുടെ ചട്ടക്കൂടിനുപുറത്തായിരുന്ന, സ്വന്തമായൊരു ജീവിതരീതിയും, ആചാരാനുഷ്ഠാനങ്ങളും മററുമുണ്ടായിരുന്ന അധഃസ്ഥിതരെ ഹൈന്ദവവല്ക്കരിക്കുക എന്ന രാഷ്ട്രീയതാല്പര്യമാണ് സവർണ്ണഹൈന്ദവ ഭരണാധികാരികളെ സംബന്ധിച്ചിടത്തോളം ഉണ്ടായിരുന്നത്. അധഃസ്ഥിതജനവിഭാഗങ്ങളുടെ കൂട്ടത്തോടെയുള്ള മതപരിവർത്തനങ്ങളുടെ വെല്ലുവിളികളും, ജാതിഹിന്ദുക്കൾക്കു നേരിടേണ്ടതുണ്ടായിരുന്നു. കഴിഞ്ഞ 3-4 ദശകങ്ങളായി അധഃസ്ഥിതരിൽ വലിയൊരു വിഭാഗം സ്വജാതിസംഘടനകളിലൂടെ സംഘടിതരായിട്ടുണ്ടെങ്കിലും, ഭരണഘടനാപരമായ അവകാശങ്ങളുടെ പൂർത്തീകരണത്തിനും വിപുലീകരണത്തിനുമപ്പുറം ചിന്തിക്കുവാൻ കഴിയാത്തവണ്ണം ഇവയെല്ലാം ഭരണഘടന വിധേയമായിത്തീർന്നിട്ടുണ്ട്.

ഇപ്പോൾതന്നെ, തുണ്ടുവല്ക്കരണത്തിന്റെ ഭാഗമായി, ഇനിയും പുനർവിതരണം നടത്തി, പരിഹരിക്കാവുതിനുമപ്പുറത്ത്, കാർഷികമേഖലയിലെ പ്രശ്നങ്ങളോ, കാർഷികമേഖലവിട്ട് ഇപ്പോൾതന്നെ സമൂഹത്തിന്റെ വിവിധമണ്ഡലങ്ങളിൽ എത്തിച്ചേർന്നിരിക്കുന്ന, വിപുലമായ വിഭാഗങ്ങളുടെ പ്രശ്നങ്ങളോ, ഒന്നും ഇക്കൂട്ടരെ അലട്ടുന്നില്ല. സർവ്വോപരി അധഃസ്ഥിതർ നേരിടുന്ന രാഷ്ട്രീയപ്രശ്നങ്ങളെയും, അവയുടെ പരിഹാരത്തിന് കഴിവുററ ഒരു ശക്തിയായി സ്വയം മാററപ്പെടേണ്ടതിന്റെയും പ്രശ്നങ്ങൾ ഇവർ കാണുന്നില്ല. ജാതിഘടനയെ സമൂഹത്തിന്റെ ഉപരിഘടനയുടെ പ്രശ്നമായിമാത്രം ചുരുക്കിക്കാണുന്ന പുരോഗമന ശക്തികൾക്കിടയിലുള്ള ഋജുവായ സമീപനങ്ങൾക്ക് വഴങ്ങുന്നതല്ല ജാതി സാമ്പത്തിക -ജാതിവർഗ്ഗപ്രശ്നങ്ങളും, ജാതി ദേശീയപ്രശ്നങ്ങളും, ശാസ്ത്രീയമായി മനസ്സിലാക്കപ്പെടാതെ ജാതിവ്യവസ്ഥയെ ഇല്ലായ്മചെയ്യുന്നതിനുള്ള അധഃസ്ഥിതി വിഭാഗങ്ങളുടെ പ്രമുഖനായ പങ്കിനെ അംഗീകരിക്കുകയും അധഃസ്ഥിതരെ ഒരു സവിശേഷരാഷ്ട്രീയ ശക്തിയെന്ന നിലയിൽ മുന്നോട്ടുകൊണ്ടുവരികയും, തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിൽ പുനഃസംഘടിപ്പിക്കപ്പെടുന്ന ജനാധിപത്യരാഷ്ട്രീയാധികാരഘടനയിൽ, മററുവിപ്ളവ വർഗ്ഗങ്ങളോടൊപ്പം തുല്യഅവകാശമുള്ള ഒരു ശക്തിയെന്ന നിലയിൽ കാണുകയും ചെയ്യാതെ അധഃസ്ഥിതർ നേരിടുന്ന മൗലികമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കഴിയുകയില്ല. അധഃസ്ഥിതരുടെ ഏതെങ്കിലും പ്രതിനിധികൾ ഭരണകൂടത്തിൽ പങ്കാളികളാകുന്നതിന്റെ പ്രശ്നമല്ലിത്. മററുവിപ്ളവ ശക്തികളോടൊപ്പം, സാമൂഹ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും കൈവരിക്കുവാൻ കഴിയുന്ന സമഗ്രമായ രാഷ്ട്രീയാധികാരമാണ് അധഃസ്ഥിതക്ക് നേടിയെടുക്കുവാനുള്ളത്. ജാതിവ്യവസ്ഥ ഇല്ലായ്മ ചെയ്യുന്നതിനുള്ള ദൃഢമായ ഉറപ്പ് ഈ രാഷ്ട്രീയാധികാരമാണ് അധഃസ്ഥിതർക്ക് നേടിയെടുക്കുവാനുള്ളത്. ജാതവ്യവസ്ഥ ഇല്ലായ്മ ചെയ്യുന്നതിനുള്ള ദൃഢമായ ഉറപ്പ് ഈ രാഷ്ട്രീയധികാരം ഒന്നുമാത്രമാണ്. കേരളീയ സമൂഹത്തിന്റെ ദേശീയവും, ജനാധിപത്യപരവുമായ പുനർഘടനയിലൂടെ മാത്ര

മെ ഇതു് സാധ്യമാകൂ എന്നുപറയേണ്ടതില്ലല്ലോ. ഉല്‌പാദകശക്‌തികളുടെ വമ്പിച്ച തോതിലുള്ളവികാസം അപ്പോൾമാത്രമാണു് സാധ്യമാകുന്നതു്. കാർഷിക–വ്യാവസായിക മേഖലയിലുണ്ടാവുന്ന വമ്പിച്ച കുതിച്ചുചാട്ടങ്ങൾ ജാതിശ്രേണിയുടെ നൂററാണ്ടുകൾ പഴക്കമുള്ള ചങ്ങലക്കെട്ടുകൾ ഛിന്നഭിന്നമായിത്തീരുന്നതിനു് സഹായകരമായിത്തീരും. സ്വകാര്യസ്വത്തു്, സാമൂഹ്യസ്വത്തായിമാറുന്ന മൗലിക പ്രക്രിയയിലൂടെ ചരിത്രത്തിലാദ്യമായി അധഃസ്‌ഥിത വിഭാഗങ്ങൾക്കു് ഉല്‌പാദനശക്‌തികളുടെയും, ഉല്‌പന്നങ്ങളുടെയുംമേൽ ഉടമസ്‌ഥാവകാശം ഉണ്ടാവുന്നു. സവർണ്ണമേധാവിത്വശക്‌തികൾ സാമൂഹ്യജീവിതത്തിന്റെ എല്ലാമണ്ഡലങ്ങളിലും, നാളിതുവരെ പുലർത്തിപ്പോരുന്ന അധീശത്വം തകർക്കപ്പെടുന്നതോടൊപ്പം, അടിച്ചമർത്തപ്പെട്ട അധഃസ്‌ഥിതരുടെ വിമോചനം, തുരുമ്പുപിടിച്ച ആർഷപാരമ്പര്യങ്ങളെ ഇല്ലായ്‌മ ചെയ്യുകയും, പുതിയൊരു സംസ്കാരത്തിനു്, പുതിയൊരു മനുഷ്യബന്ധത്തിനു് തുടക്കം കുറിക്കുകയും ചെയ്യും.

ഇത്തരമൊരു ദൗത്യം നിർവഹിക്കുവാൻ കഴിയുന്നൊരു ശക്‌തിയായി അധഃസ്‌ഥിതർക്കു മാറുവാൻ കഴിയണമെങ്കിൽ ഒട്ടനവധി ഉപസമൂഹങ്ങളായി വെള്ളം കയറാത്ത അറകളായി വേർതിരിച്ചു് നിർത്തുന്ന ജാതി ഉപജാതി ബന്ധങ്ങളെ പ്രാഥമികമായി തന്നെ തകർത്തെറിയേണ്ടതുണ്ടു്. സ്വജാതീയവൈവാഹിക ബന്ധങ്ങൾ പോലെയുള്ള ജാതിനിയമങ്ങളെ തുടച്ചുനീക്കുന്നതിനുള്ള ക്രിയാത്മകമായ പദ്ധതികൾ ആവിഷ്‌ക്കരിച്ചു നടപ്പിലാക്കണം. പുതിയതൊരു സമൂഹത്തിന്റെ സൃഷ്ടിക്കു സഹായകമായ വസ്തുതകളെ ചരിത്രത്തിൽനിന്നു് സ്വാംശീകരിക്കുകയും, പഴഞ്ചൻ ആചാരങ്ങളോടും, വിശ്വാസങ്ങളോടും, ജീവിതരീതികളോടും വിട്ടുവീഴ്ചയില്ലാതെ പോരാട്ടത്തിനു് തയ്യാറാവുകയും ചെയ്യേണ്ടതുണ്ടു്. അതുപോലെ തന്നെ ജാതിവ്യവസ്‌ഥ നിർമാർജ്ജനം ചെയ്യുന്നതിനുള്ള പോരാട്ടത്തിൽ പങ്കാളികളാകുവാൻ തയ്യാറുള്ള മുഴുവൻ പുരോഗമന ശക്‌തികളെയും ഉൾക്കൊള്ളുകയും അണിനിരത്തുകയും ചെയ്യേണ്ടതുണ്ടു്. സവർണ്ണമേധാവിത്വത്തിനെതിരെയുള്ള പോരാട്ടത്തിൽ എക്കാലവും ഇത്തരം ശക്‌തികൾ അണിചേർന്നിരുന്നു. ജാതിയും, ജാതിമനോഭാവവും, കയ്യൊഴിവാൻ തയ്യാറുള്ള ഇത്തരം വിഭാഗങ്ങളെ കോർത്തിണക്കിക്കൊണ്ടു നടത്തുന്ന പോരാട്ടങ്ങൾക്കു് അധഃസ്‌ഥിതരുടെ ഇടയിൽനിന്നും തന്നെ പൊന്തിവരുവാൻ ഇടയുള്ള ജാതീയ വിഭാഗീയതകളെ അതിജീവിക്കുവാൻ കഴിയും. മാത്രമല്ല ഇത്തരമൊരു പോരാട്ടം നടത്തുന്നതു് മുമ്പു് ചൂണ്ടിക്കാണിച്ചതുപോലെ തൊഴിലാളിവർഗ്ഗപ്രത്യയശാസ്ത്രത്തിന്റെ ശക്‌തമായ അടിത്തറയിൽ നിന്നുകൊണ്ടാണു്. അതുകൊണ്ടുതന്നെ അത്തരമൊരു പോരാട്ടപ്രസ്‌ഥാനത്തിനു് ജാതീയമായി വ്യതിചലിക്കുവാൻ കഴിയുകയില്ല.

ഇത്തരമൊരു പോരാട്ടം ജാതീയമർദ്ദനങ്ങൾക്കും ജാതിവ്യവസ്‌ഥയ്ക്കുമെതിരെ നമ്മുടെ സമൂഹത്തിലുടനീളം നടന്നിട്ടുള്ള നിരന്തരമായ ഒരു പ്രക്രിയയുടെ തുടർച്ചയാണു്. എണ്ണിയാലൊടുങ്ങാത്ത ചെറുതും വലുതുമായ പോരാട്ടങ്ങൾ നമ്മുടെ മുമ്പിലുണ്ടു്. ഇവയെല്ലാം തീർച്ചയായും ഗുണപരവും നിഷേധാത്മകവുമായ വശങ്ങളുണ്ടു്. അവയെ വിവേചനപൂർവ്വം സ്വാംശീകരിച്ചുകൊണ്ടുമാത്രമെ നമുക്കു മുന്നേറുവാൻ കഴിയൂ. ഏററവുമൊടുവിൽ ശ്രീനാരായണനെയും, അയ്യൻകാളിയെയുംപോലുള്ള അധഃസ്‌ഥിതരുടെ കരുത്തന്മാരായ വക്‌താക്കളെ പോരാട്ടങ്ങളുടെ പ്രതീകങ്ങളുടെ സ്‌ഥാനത്തുനിന്നു് അടർത്തിമാററി, ചില്ലുക്കൂടുകളിലെ കളിമൺപ്രതിമ

കളാക്കി, ഹൈന്ദവദൈവങ്ങളുടെ ഗണത്തിൽപെടുത്തി അപഹസിക്കുന്നതും അതുവഴി നമ്മുടെ പോരാട്ടത്തിന്റെ മൂർച്ചകുറയ്ക്കുവാൻ സവർണ്ണമേധാവിത്വശക്തികൾ ഇന്ന് നടത്തിക്കൊണ്ടിരിക്കുന്ന കുത്സിതനീക്കങ്ങളും, നാം കാണുന്നുണ്ട്. അതുപോലെതന്നെ, C P I, C P M തുടങ്ങിയ കമ്യൂണിസ്റ്റു പാർട്ടികളുടെ നിലപാടുകളിലൂടെ തൊഴിലാളിവർഗ്ഗ പ്രത്യയശാസ്ത്രംസവർണ്ണവല്ക്കരണത്തിനു വിധേയമാകുന്നതും, നിലവിലുള്ള ജാത്യാധിഷ്ഠിതസമൂഹത്തെ സേവിക്കുന്ന രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്നതും, നാം കാണുന്നു. ഇവയ്ക്കെല്ലാമെതിരെ തൊഴിലാളിവർഗ്ഗ പ്രത്യയശാസ്ത്രത്തിന്റെ അന്തസത്തയെ ആശ്രയിച്ചുകൊണ്ടുതന്നെ വിട്ടുവീഴ്ചയില്ലാത്തതും ഖണ്ഡിതവുമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടുമാത്രമേ നമുക്കു മുന്നോട്ടു പോകുവാൻ കഴിയൂ. തീർച്ചയായും സുദീർഘമായ പോരാട്ടത്തിന് തയ്യാറാവുകതന്നെ വേണം. ജാതിമേധാവിത്വത്തിന്റെ എല്ലാ രൂപങ്ങൾക്കുമെതിരെ, ജാതിവ്യവസ്ഥയെതന്നെ നിർമ്മാർജ്ജനം ചെയ്യുന്ന ഏറ്റവും ഒടുവിലത്തെ പോരാട്ടത്തിനാണ് നാം തയ്യാറാവേണ്ടത്.

Printed and Published by K. M. Salimkumar on behalf of Adasthida Navodhana Munnani Deseeya Sanghadaka Committee.